2026
July
23
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ഇന്ത്യ യുകെ വ്യാപാര കരാർ
# യുകെയിലേക്ക് ആദ്യ ആഭരണ കയറ്റുമതിയുമായി മലബാർ ഗോൾഡ്

**ന്യൂഡൽഹി:** ഇന്ത്യയുകെ വ്യാപാര കരാറിന്റെ ഭാഗമായി ഡൽഹിയിലെ വാണിജ്യ ഭവനിൽ നടന്ന മലബാർ ഗോൾഡ് യുകെയിലേക്ക് ആഭരണങ്ങൾ കയറ്റുമതി ചെയ്യുന്നതിന്റെ ഉദ്ഘാടന ചടങ്ങിൽ ഇന്ത്യയിലെ ബ്രിട്ടീഷ് ഹൈക്കമ്മീഷണർ ലിൻഡി കാമറോൺ, കേന്ദ്ര വാണിജ്യ സെക്രട്ടറി രാജേഷ് അഗർവാൾ, മലബാർ ഗോൾഡ് നോർത്ത് ഇന്ത്യ റീജിയണൽ ഹെഡ് മുഹമ്മദ് ജിഷാദ് എൻ കെ, ജെം ആന്റ് ജ്വല്ലറി എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ പ്രതിനിധികൾ, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ.




മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഇന്ത്യയുകെ വ്യാപാര കരാർ പ്രകാരം യുകെയിലേക്ക് ആഭരണങ്ങൾ കയറ്റുമതി ചെയ്തു. ഇതോടെ ഈ കരാർ പ്രകാരം യുകെയിലേക്ക് ആദ്യമായി ആഭരണങ്ങൾ കയറ്റുമതി ചെയ്യുന്ന ഇന്ത്യൻ ജ്വല്ലറികളിൽ ഒന്നായി മലബാർ ഗോൾഡ് മാറി. കമ്പനിയുടെ അന്താരാഷ്ട്ര വളർച്ചയിലും ഇന്ത്യയുടെ ആഭരണ കയറ്റുമതി മേഖലയിലും ഇത് ഒരു സുപ്രധാന നാഴികക്കല്ലാണ്.

ദൽഹിയിലെ വാണിജ്യ ഭവനിൽ നടന്ന മലബാർ ഗോൾഡ്സിന്റെ യുകെയിലേക്കുള്ള ആഭരണ കയറ്റുമതിയുടെ ഉദ്ഘാടന ചടങ്ങിൽ ഇന്ത്യയിലെ ബ്രിട്ടീഷ് ഹൈക്കമ്മീഷണർ ലിൻഡി കാമറോൺ, കേന്ദ്ര വാണിജ്യ സെക്രട്ടറി രാജേഷ് അഗർവാൾ, മലബാർ ഗോൾഡ് നോർത്ത് ഇന്ത്യ റീജിയണൽ ഹെഡ് മുഹമ്മദ് ജിഷാദ് എൻ കെ, ജെം ആന്റ് ജ്വല്ലറി എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ പ്രതിനിധികൾ, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു.

ഈ കരാർ പ്രകാരം ആദ്യമായി കയറ്റുമതി നടത്തുന്ന ജ്വല്ലറികളിൽ ഒന്നാകാൻ കഴിഞ്ഞത് മലബാർ ഗോൾഡിനെ സംബന്ധിച്ചിടത്തോളം വലിയ അഭിമാനമാണ്. 'മെയ്ക്ക് ഇൻ ഇന്ത്യ, മാർക്കറ്റ് ടു ദി വേൾഡ്' എന്ന ആശയം പിന്തുടർന്ന് കൊണ്ട് ഇന്ത്യൻ കരകൗശല മികവ് രാജ്യാന്തര വിപണിയിൽ എത്തിക്കാൻ ഞങ്ങൾ തുടർച്ചയായി ശ്രമിക്കുന്നുണ്ട്. ഇതിലൂടെ വലിയ തോതിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കുന്നു. യുകെയിലേക്കുള്ള ആദ്യ കയറ്റുമതി ഞങ്ങൾക്കും ഇന്ത്യൻ ആഭരണ വ്യവസായത്തിനും അഭിമാനകരമായ നാഴികക്കല്ലാണ്. ഇതിലൂടെ ഞങ്ങളുടെ വിതരണ ശൃംഖല കൂടുതൽ കാര്യക്ഷമമാക്കാനും, ഉപഭോക്താക്കൾക്ക് കൂടുതൽ മൂല്യം നൽകാനും, യുകെ വിപണിയിലെ മത്സരശേഷി വർധിപ്പിക്കാനും സാധിക്കും. ഇന്ത്യയും യുകെയും തമ്മിലുള്ള വ്യാപാരബന്ധം കൂടുതൽ ശക്തമാകുന്നതിന്റെ തുടക്കമായാണ് ഞങ്ങൾ ഇതിനെ കാണുന്നത്. രാജ്യാന്തരതലത്തിൽ ബിസിനസ് വിപുലീകരിക്കുമ്പോഴും മികച്ച ഗുണനിലവാരവും, വിശ്വാസ്യതയും, റെസ്പോൺസിബിൾ ബിസിനസ് രീതികളും ഉറപ്പാക്കാൻ ഞങ്ങൾ എപ്പോഴും ശ്രദ്ധിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# ക്രൂഡ് ഓയിൽ വില 120 ഡോളറിലെത്തിയേക്കും

**ന്യൂയോർക്ക്:** ഹോർമുസ് കടലിടുക്കിലൂടെയുള്ള ഇന്ധനനീക്കത്തിൽ തടസങ്ങൾ തുടരുകയാണെങ്കിൽ, 2026ന്റെ നാലാം പാദത്തോടെ ബ്രെൻറ് ക്രൂഡ് ഓയിൽ വില ബാരലിന് 120 ഡോളറിന് മുകളിൽ എത്തിയേക്കാമെന്ന് ഗോൾഡ്മാൻ സാക്സ് ഗ്രൂപ്പ് ഇൻകോർപറേഷൻ മുന്നറിയിപ്പ് നൽകി.

പശ്ചിമേഷ്യയിൽ രൂക്ഷമാകുന്ന സംഘർഷവും പേർഷ്യൻ ഗൾഫിൽനിന്ന് എണ്ണ വിതരണം കുത്തനെ കുറഞ്ഞതും ക്രൂഡ് ഓയിൽ വീണ്ടും ഉയരത്തിലെത്തിച്ചു. പേർഷ്യൻ ഗൾഫിൽനിന്നുള്ള എണ്ണയൊഴുക്ക് യുദ്ധത്തിന് മുൻപുള്ളതിന്റെ 45 ശതമാനത്തിൽ താഴെയായി കുറഞ്ഞതിനെത്തുടർന്നാണ് ഇന്ധനവില വീണ്ടും ഉയരാൻ കാരണമായത്.

ഫെബ്രുവരി അവസാനത്തോടെ യുഎസും ഇസ്രയേലും ഇറാനെ ആക്രമിച്ചതിനു പിന്നാലെ ലോകത്ത് അഞ്ചിലൊന്ന് എണ്ണ വിതരണം നടത്തുന്ന ഹോർമുസ് കടലിടുക്കിലൂടെയുള്ള വിതരണം കടുത്ത സമ്മർദം നേരിടുകയാണെങ്കിൽ ക്രൂഡ് ഓയിൽ വില ബാരലിന് 150 ഡോളറിനും 200 ഡോളറിനും ഇടയിലെത്തുമെന്ന് ചില വിപണി നിരീക്ഷകർ പ്രവചിച്ചിരുന്നു. എന്നാൽ, ഈ പ്രവചനങ്ങൾ പൂർണമായും യാഥാർഥ്യമായില്ല. ബ്രെൻറ് ഫ്യൂച്ചേഴ്സ് വില ഉയർന്നത് ബാരലിന് 120 ഡോളർ മാത്രമാണ്. ഇത് 2008ൽ ഉയർന്ന എക്കാലത്തെയും ഉയർന്ന നിരക്കായ 147 ഡോളറിലും താഴെയാണ്.

ഫെബ്രുവരി 28 മുതൽ ഇറാനെതിരേ സൈനിക നടപടികൾ നിർത്തിവയ്ക്കാൻ യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് ഉത്തരവിട്ട ജൂൺ 11 വരെയുള്ള കാലയളവിൽ ബ്രെൻറ് ക്രൂഡ് വില ശരാശരി ബാരലിന് 101 ഡോളർ നിലവാരത്തിലായിരുന്നു. അതിനുശേഷം ജൂലൈ ആദ്യം ഇത് താത്കാലികമായി 70 ഡോളറിലേക്കു താഴുകയും ചെയ്തു.

പശ്ചിമേഷ്യയിൽ സംഘർഷങ്ങൾ കുറയുമെന്ന പ്രതീക്ഷയിൽ നാലാം പാദത്തിൽ ബാരലിന് 80 ഡോളറും അടുത്ത വർഷം 75 ഡോളറുമാണ് ഗോൾഡ്മാൻ സാക്സിൻറെ അടിസ്ഥാന പ്രവചനം.

# ആർബിഐയുടെ പ്രത്യേക സ്വാപ്പ് പദ്ധതി വിജയം; എത്തിയത് 2000 കോടി ഡോളർ

**മുംബൈ:** റിസർവ് ബാങ്ക് ഓഫ് ഇന്ത്യ(ആർബിഐ) ആവിഷ്കരിച്ച പ്രത്യേക സ്വാപ്പ് പദ്ധതിക്ക് മികച്ച പ്രതികരണം. വിദേശനാണ്യത്തിന്റെ ഒഴുക്കു വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയിലൂടെ ഇതുവരെ 2,000 കോടി ഡോളർ എത്തിയതായാണ് കണക്കുകൾ.




2026 ജൂൺ എട്ടു മുതലാണ് ആർബിഐ പ്രത്യേക സ്വാപ്പ് പദ്ധതി നടപ്പാക്കിയത്. വിദേശങ്ങളിൽ താമസിക്കുന്ന ഇന്ത്യക്കാർ വഴിയുള്ള നിക്ഷേപങ്ങൾ(എഫ് സി എൻആർ), വാണിജ്യ വായ്പകളായുള്ള വാങ്ങലുകൾ(ഇസിബി), വിദേശനാണ്യത്തിൽ നടത്തുന്ന മറ്റു വായ്പ ഇടപാടുകൾ(ഒഎഫ്സിബി) എന്നിവയിലൂടെ ജൂലൈ 17 വരെ 2,072 കോടി ഡോളറിന്റെ ഇടപാടുകൾ നടന്നതായി ആർബിഐ പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നു.

എഫ്സിഎൻആർ ഇടപാടുകളിലൂടെ 1740 കോടി ഡോളറും ഒഎഫ്സിബി വഴി 197 കോടി ഡോളറും ഇസിബി വഴി 134 കോടി ഡോളറും നേടി.

ആർബിഐ ബാങ്കുകളിൽനിന്ന് ഡോളർ പോലെയുള്ള വിദേശനാണ്യങ്ങൾ സ്വീകരിച്ച് അതിനു പകരം രൂപ നൽകുകയും നിശ്ചിത കാലാവധിക്കു ശേഷം മുൻകൂട്ടി നിശ്ചയിച്ച നിരക്കിൽ തിരിച്ചുമാറ്റുകയും ചെയ്യുന്ന ഒരു ധനാകാര്യ ക്രമീകരണമാണ് സ്വാപ്പ് പദ്ധതി.

ഇതിലൂടെ ബാങ്കുകൾക്ക് വിദേശനാണയം ഇന്ത്യയിലേക്ക് കൊണ്ടുവരുവാനുള്ള പ്രോത്സാഹനം ലഭിക്കുന്നു.






# കിംസാറ്റ് ആശുപത്രിയിൽ റോബോട്ടിക് മുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരം

**കടയ്ക്കൽ:** കിംസാറ്റ് ആശുപത്രിയിലെ ഓർത്തോപീഡിക് വിഭാഗം അത്യാധുനിക റോബോട്ടിക് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള റോബോട്ടിക് മുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി.

ഓർത്തോപീഡിക് വിഭാഗം മേധാവി ഡോ. സുനീഷ് മോഹന്റെ നേതൃത്വത്തിൽ ഡോ. അമൽ, ഡോ. മുബാഷ്, ഡോ. സായി കൃഷ്ണ, അനസ്തേഷ്യ ഡോക്ടർമാർ, ഓപ്പറേഷൻ തിയറ്റർ സ്റ്റാഫ്, ടെക്നീഷൻസ് എന്നിവരടങ്ങുന്ന വിദഗ്ധ മെഡിക്കൽ സംഘമാണ് ശസ്ത്രക്രിയ നിർവഹിച്ചത്.

രോഗിയുടെ ആരോഗ്യനിലയും മുട്ടുസന്ധിയുടെ ഘടനയും വിശദമായി വിലയിരുത്തിയ ശേഷമാണ് റോബോട്ടിക് സാങ്കേതികവിദ്യയുടെ സഹായത്തോടെ ശസ്ത്രക്രിയ നടത്തിയത്. ആശുപത്രി ചെയർമാൻ എസ്. വിക്രമൻ മെഡിക്കൽ സംഘത്തെ അഭിനന്ദിച്ചു. അത്യാധുനിക ചികിത്സ സാങ്കേതിക വിദ്യയും വിദഗ്ദ്ധരുടെ സേവനവും സാധാരണക്കാർക്ക് ലഭ്യമാക്കുക എന്നതാണ് കിംസാറ്റ് ആശുപത്രിയുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

റോബോട്ടിക് സാങ്കേതികവിദ്യ ശസ്ത്രക്രിയ കൂടുതൽ കൃത്യതയോടെയും മികച്ച ആസൂത്രണത്തോടെയും നടത്താൻ സഹായിക്കുന്ന ആധുനിക ചികിത്സാരീതിയാണെന്നും രോഗിയുടെ ആരോഗ്യസ്ഥിതിയും ചികിത്സ ആവശ്യകതയും വിലയിരുത്തിയാണ് ഇത് ഉപയോഗിക്കുന്നതെന്നും ഡോ. സുനീഷ് മോഹൻ പറഞ്ഞു.

കിംസാറ്റ് ആശുപത്രിയിൽ മുട്ട് തേയ്മാനം, സന്ധിവേദന, ജോയിൻറ് റീപ്ലേസ്മെൻറ്, സ്പോർട്ട് ഇൻജുറി, ആർത്രോസ്കോപ്പി, ട്രോമ കെയർ എന്നിവ ഉൾപ്പെടെയുള്ള സമഗ്ര ഓർത്തോപീഡിക് ചികിത്സാ സേവനങ്ങൾ ലഭ്യമാണ്.

വാർത്താ സമ്മേളനത്തിൽ കിംസാറ്റ് ഗവണിംഗ് കൗൺസിൽ അംഗങ്ങൾ ഷിബു കടയ്ക്കൽ, പി. പ്രതാപൻ, ജയപാലൻ, എൻ.ആർ. അനി, ആർ.ലത, മെഡിക്കൽ സൂപ്രണ്ട് ഡോ. മുഹമ്മദ് ഹുസൈൻ,ഡെപ്യൂട്ടി മെഡിക്കൽ സൂപ്രണ്ട് ഡോ. എ.ബി. സജി, സെക്രട്ടറി ബോബൻ, ജനറൽ മാനേജർ പി. അശോകൻ, അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ ഹരികുമാർ തുടങ്ങിയവർ പങ്കെടുത്തു.



# കുസാറ്റിൽ ബിരുദാനന്തര വിദ്യാർഥികൾക്കായി ഇൻഡക്ഷൻ പരിപാടി സംഘടിപ്പിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല യുവജനക്ഷേമ വകുപ്പും ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലും സംയുക്തമായി പുതുതായി പ്രവേശനം നേടിയ ബിരുദാനന്തര വിദ്യാർഥികൾക്കായി ഇൻഡക്ഷൻ പരിപാടി സംഘടിപ്പിച്ചു.

കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. ഡോ. എം. ജുനൈദ് ബുഷിരി അഭിസംബോധന ചെയ്ത് സംസാരിച്ചു.

സർവകലാശാലയുടെ പ്രവർത്തനരീതി, ആന്റി റാഗിങ്, ലഹരിവിരുദ്ധ ബോധവത്കരണം, സർവകലാശാലാ ഭരണസംവിധാനവും വിദ്യാർഥി പരാതിപരിഹാര സംവിധാനവും, യുവജനക്ഷേമ പ്രവർത്തനങ്ങൾ, അലുംനി നെറ്റ്‌വർക്ക്, വിദ്യാർഥി പങ്കാളിത്തം, നൈപുണ്യ വികസനം, പിന്നാക്ക വിഭാഗങ്ങൾക്കുള്ള സൗകര്യങ്ങളും ഇഗ്രാന്റ്സും, കായിക വിദ്യാഭ്യാസവും ഹോസ്റ്റൽ സംവിധാനവും, യൂണിവേഴ്സിറ്റി യൂണിയൻ, ദേശീയ സേവന പദ്ധതി, ലൈബ്രറി സേവനങ്ങൾ, പ്ലേസ്മെന്റുകൾ, പരീക്ഷാമൂല്യനിർണയ സംവിധാനം, അന്തർദേശീയവൽക്കരണം എന്നിവയെക്കുറിച്ച് വിവിധ സെഷനുകൾ സംഘടിപ്പിച്ചു.

ഡോ. സാം തോമസ്, ഷിഹാബ് ചേലക്കുളം, അരവിന്ദ് എം.ആർ, ഡോ. രജിൽ ടി., ഡോ. പി. കെ. ബേബി, ഡോ. ബിജോയ് ആന്റണി ജോസ്, ഡോ. ബീന മേരി ജോൺ, ഡോ. മീര പ്രഥാപൻ, ഡോ. എ. എം. ഉണ്ണി, ഡോ. എ. കെ. ബിന്ദു, ഡോ. രമ്യ രാമചന്ദ്രൻ, ഡോ. വീരാങ്കുട്ടി, ഡോ. ദീപ ബാലകൃഷ്ണൻ, ഡോ. എൻ. മനോജ്, ഡോ. ഹരീഷ് രാമനാഥൻ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു.

പരിപാടിയിൽ രജിസ്ട്രാർ ഡോ. എ. യു. അരുൺ, ഫിനാൻസ് ഓഫീസർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ഡോ. എൻ. മനോജ്, IQAC ഡയറക്ടർ ഡോ. സാം തോമസ്, യുവജനക്ഷേമ വകുപ്പ് ഡയറക്ടർ ഡോ. പി. കെ. ബേബി എന്നിവർ പങ്കെടുത്തു.

# കുസാറ്റ് പ്രൊഫസർ ഐ.എസ്.ടി.ഡി ദേശീയ വൈസ് പ്രസിഡന്റ്

**കൊച്ചി:** മാനവ വിഭവശേഷി വികസന രംഗത്തെ വിദഗ്ധരുടെ പ്രൊഫഷണൽ ബോഡിയായ ഇന്ത്യൻ സൊസൈറ്റി ഫോർ ട്രെയിനിംഗ് ആൻഡ് ഡവലൊപ്മെന്റിന്റെ (ഐ.എസ്.ടി.ഡി) ദേശീയ വൈസ് പ്രസിഡൻറ്റായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) സ്കൂൾ ഓഫ് മാനേജ്മന്റ് സ്റ്റഡീസ് പ്രൊഫസറും മുൻ ഡയറക്ടറും ഡോ/ കെ.എ. സക്കറിയയെ തിരഞ്ഞെടുക്കപ്പെട്ടു. നിലവിൽ ഐ.എസ്.ടി.ഡിയുടെ സൗത്ത് റീജിയൻ വൈസ് പ്രസിഡന്റായ ഡോ. സക്കറിയ, ഐ.എസ്.ടി.ഡി കൊച്ചി ചാപ്റ്റർ ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്. ഇതിനോടൊപ്പം ഐ.എസ്.ടി.ഡിയുടെ ബെസ്റ്റ്മെമെമ്പർ അവാർഡും ഫെല്ലോഷിപ്പും ഡോ. സക്കറിയ നേടിയിട്ടുണ്ട്.



ഗുജറാത്തിൽ നിന്നുള്ള പ്രൊഫസർ രാജു റാത്തോഡിന് എതിരെയാണ് ഡോ. സക്കറിയ മത്സരിച്ചു ജയിച്ചത്. കുസാറ്റിലെ ഡി.ഡി.യു കൗശൽ കേന്ദ്ര സ്ഥാപക ഡയറക്ടർ, കേരള ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഗവേണിംഗ് കൗൺസിൽ മെമ്പർ, അലിഗർ യൂണിവേഴ്സിറ്റിയുടെ കേരള ക്യാമ്പസിന്റെ ഡയറക്ടർ എന്നീ പദവികളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന പ്രൊഫഷണൽ ബോഡികളിൽ ഒന്നാണ് ഡൽഹി ആസ്ഥാനമായി 1970ൽ സ്ഥാപിതമായ ഐ.എസ്.ടി.ഡി. ഇന്ത്യയിലെ 61 ഐ.സ്.ടി.ഡി ചാപ്റ്ററിൽ നിന്നുള്ള 300 ഓളം ദേശീയ കൗൺസിൽ അംഗങ്ങളാണ് തിരഞ്ഞെടുപ്പിൽ പങ്കെടുത്തത്.



# ശബരിമല തീർഥാടനം: 450 കോടിയുടെ പാക്കേജ് നടപ്പാക്കുമെന്ന് മന്ത്രി

**പത്തനംതിട്ട:** ശബരിമല തീർഥാടകർക്ക് സുഗമവും സുരക്ഷിതവുമായ യാത്രയ്ക്കായി റോഡുകൾ മെച്ചപ്പെടുത്തുന്നതിലേക്ക് 450 കോടി രൂപയുടെ പാക്കേജ് സംസ്ഥാന സർക്കാർ തയാറാക്കുമെന്ന് പൊതുമരാമത്ത് മന്ത്രി പി.കെ. ബഷീർ. ശബരിമല തീർഥാടനമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിൻറെ മുന്നൊരുക്കങ്ങൾ അവലോകനം ചെയ്യുന്നതിന് പമ്പ ശ്രീരാമസാകേതം ഹാളിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കഴിഞ്ഞ 16ന് തിരുവനന്തപുരത്ത് ചേർന്ന യോഗത്തിന്റെ തുടർച്ചയായാണ് പമ്പയിൽ മന്ത്രി എത്തിയത്. ശബരിമല പാതകളുടെ നവീകരണത്തോടൊപ്പം സമഗ്ര വികസനമാണ് ലക്ഷ്യം. റോഡ് സുരക്ഷയ്ക്കായി 15 കോടി രൂപയും വകയിരുത്തും. മുൻ വർഷങ്ങളിലെ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാകും. റോഡുകളിൽ ക്രാഷ് ഗാർഡ്, സ്പീഡ് ബ്രേക്കർ, റിഫ്ലക്ടറുകൾ, സൂചന ബോർഡുകൾ തുടങ്ങിയ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പാക്കും. പാതയ്ക്ക് ഇരുവശവുമുള്ള കാട് വെട്ടിത്തെളിക്കും.

പൊതുമരാമത്ത്, എൻഎച്ച്, ജല അഥോറിറ്റി എന്നിവയുടെ സംയുക്ത യോഗം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ചേരും. മേഖലയിലെ റസ്റ്റ് ഹൗസുകളുടെ നവീകരണവും അറ്റകുറ്റപ്പണികളും മണ്ഡലകാലത്തിനു മുമ്പ് പൂർത്തിയാക്കും. പദ്ധതികൾ പരിസ്ഥിതി സൗഹൃദമായി നടപ്പാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകും. തീർഥാടനമായി ബന്ധപ്പെട്ട് മണ്ഡലങ്ങളിലെ വിഷയങ്ങൾ പരിഹരിക്കുന്നതിന് എംഎൽഎമാരെയും ഉൾപ്പെടുത്തി തിരുവനന്തപുരത്ത് പ്രത്യേക യോഗം ചേരും.

ശബരിമല റോഡുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയാൽ കർശന നടപടി ഉണ്ടാകുമെന്ന് മന്ത്രി മുന്നറിയിപ്പ് നൽകി. റോഡുകളുടെ പുനരുദ്ധാരണ ജോലികളിൽ യാതൊരു തരത്തിലുള്ള സാവകാശവും അനുവദിക്കാനാകില്ല. എൻജിനിയർമാർ സൈറ്റുകളിൽ പോകാത്തതാണ് ഇപ്പോഴത്തെ പകുതി പ്രശ്നങ്ങൾക്കും കാരണം. ഇടവേളകളിൽ യോഗം ചേർന്ന് പുരോഗതി വിലയിരുത്തുമെന്നും മന്ത്രി പറഞ്ഞു.

മണ്ഡലകാലത്തിനു മുന്നോടിയായി പ്രവൃത്തികൾ പൂർത്തിയാക്കാൻ ഉദ്യോഗസ്ഥർക്ക് കർശന നിർദേശം നൽകി. പമ്പ ഹിൽടോപ്പ് മുതൽ പാണ്ടിത്താവളം വരെയുള്ള രണ്ട് കിലോമീറ്റർ റോപ്പ് വേയ്ക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയതായും മന്തരി അറിയിച്ചു.

തുടർന്നുള്ള അവലോകനയോഗങ്ങളിൽ ജനപ്രതിനിധികളുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും കൃത്യമായ മറുപടി നൽകാൻ ഉദ്യോഗസ്ഥർ തയാറായി വരണമെന്നും മന്ത്രി നിർദേശിച്ചു.

പുനലൂർ മൂവാറ്റുപുഴ സംസ്ഥാനപാതയിൽ നിരന്തരം അപകടങ്ങൾ ഉണ്ടാകുകയും നിരവധി പേർക്ക് ജീവഹാനി സംഭവിക്കുകയും ചെയ്യുന്നത് നിർമാണത്തിലെ അശാസ്ത്രീയത മൂലമാണെന്ന് പഴകുളം മധു എംഎൽഎ യോഗത്തിൽ പറഞ്ഞു. റോഡു നിർമാണം സംബന്ധിച്ച അപാകതകൾ പരിഹരിക്കണമെന്നും അദ്ദേഹം പൊതുമരാമത്ത് മന്ത്രിയോട് ആവശ്യപ്പെട്ടു.

അടൂർ മണ്ഡലത്തിലെ റോഡുകളെല്ലാം അപകടകരമായ അവസ്ഥയിലാണെന്ന് സി.വി. ശാന്തകുമാർ എംഎൽഎയും ചൂണ്ടിക്കാട്ടി. തമിഴ്നാട്ടിൽ നിന്നും തീർഥാടകർ എത്തുന്ന അച്ചൻകോവിൽ കോന്നി റോഡ് അടിയന്തിരമായി ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണമെന്ന് കെ.യു. ജനീഷ്കുമാർ എംഎൽഎ ആവശ്യപ്പെട്ടു.

എംഎൽഎമാരായ റോണി കെ.ബേബി, എം.ജെ. സെബാസ്റ്റ്യൻ, പൊതുമരാമത്ത് സെക്രട്ടറി അദീല അബ്ദുള്ള, ജില്ലാ കളക്ടർ എ. നിസാമുദ്ദീൻ, പൊതുമരാമത്ത് അഡീ. സെക്രട്ടറി വി.ആർ. വിനോദ്, ജില്ലാ പോലീസ് മേധാവി ആർ.ആനന്ദ്, പത്തനംതിട്ട, ആലപ്പുഴ, കോട്ടയ, ഇടുക്കി, എറണാകുളം ജില്ലകളിലെ പൊതുമരാമത്ത് ഉദ്യോഗസ്ഥർ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.

## എം.ജി സർവകലാശാല

### എം. ജി.യു. ബിരുദ ഏകജാലകം: സപ്ലിമെന്ററി അലോട്മെന്റ് രജിസ്ട്രേഷൻ ജൂലൈ 24 വരെ

മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ്/സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ഏകജാലകം വഴിയുള്ള ബിരുദ പ്രവേശനത്തിന്റെ സപ്ലിമെന്ററി അലോട്മെൻറിന് ഇപ്പോൾ അപേക്ഷിക്കാം. ഇതുവരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താൻ സാധിക്കാത്തവർക്കും, പ്രവേശനം ലഭിക്കാത്തവർക്കും, പ്രവേശനം ലഭിച്ചതിനു ശേഷം റിജക്ട് ആയിപ്പൊയവർക്കും, നിശ്ചിത സമയത്ത് പ്രവേശനമെടുക്കാൻ സാധിക്കാഞ്ഞവർക്കും അപേക്ഷിക്കുന്നതിനുള്ള സൗകര്യം ജൂലൈ 24 വരെ ലഭ്യമായിരിക്കുന്നതാണ്. ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റുമൂലം അലോട്മെന്റിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്സ് വേഡും ഉപയോഗിച്ച് പുതിയ ഓപ്ഷനുകൾ നൽകാവുന്നതാണ്.

മുൻ അലോട്മെന്റുകളിൽ ഓപ്ഷനുകൾ നൽകിയിട്ടുള്ളവർ സപ്ലിമെന്ററി അലോട്മെന്റിൽ പങ്കെടുക്കാനായി പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

മാനേജ്മെന്റ് ക്വാട്ടക്ക് അപേക്ഷിക്കാനായുള്ള പ്രത്യേക ലിങ്കിലൂടെ മാത്രം ക്യാപ് ഐഡി ഉണ്ടാക്കിയിട്ടുള്ളവർ അതേ ലിങ്കിലൂടെ തന്നെ ലോഗിൻ ചെയ്യേണ്ടതാണ്. ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്കും പ്രവേശനം നടക്കുന്നുണ്ട്. നിലവിൽ പ്രവേശനമെടുത്തവർക്ക് സപ്ലിമെന്ററി അലോട്മെന്റിൽ പങ്കെടുക്കാനാവില്ല. വിശദവിവരങ്ങൾക്ക് cap.mgu.ac.in/ugpcap2026/

### സ്പോട്ട് അഡ്മിഷൻ

**സ്കൂൾ ഓഫ് ജെൻഡർ സ്റ്റഡീസിൽ എം.എ ജെൻഡർ സ്റ്റഡീസ്** പ്രോഗ്രാമിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ഏതെങ്കിലും വിഷയത്തിൽ കുറഞ്ഞത് 50 ശതമാനം മാർക്കോടെയുള്ള ബിരുദമാണ് യോഗ്യത. താല്പര്യമുള്ള വിദ്യാർത്ഥികൾ ജൂലൈ 23, വ്യാഴാഴ്ച രാവിലെ 10.30ന് അസ്സൽ രേഖകൾ സഹിതം കൺവെർജൻസ് അക്കാദമിയ കോംപ്ലക്സിന്റെ ഏഴാം നിലയിൽ പ്രവർത്തിക്കുന്ന ഡിപ്പാർട്ട്മെൻറിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഇമെയിൽ sgs@mgu.ac.in

**സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെൻറ്** (എം.ടി.ടി.എം) പ്രോഗ്രാമിൽ 4 സീറ്റുകളിൽ ഒഴിവുണ്ട്. 50 ശതമാനം മാർക്കോടെ ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയ താല്പര്യമുള്ള വിദ്യാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 23 ന് രാവിലെ 10.00 മണിക്ക് സർവകലാശാല ക്യാമ്പസിലുള്ള സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഫോൺ: 0481 2733374, 9496322062 ഇമെയിൽ:sts@mgu.ac.in

**സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് ലോ ഡിപ്പാർട്ട്മെൻറിൽ ദ്വിവത്സര എൽ.എൽ.എം.** (ക്രിമിനൽ ലോ ആൻഡ് സൈബർ ഫോറൻസിക്സ്) കോഴ്സിൽ എസ്.സി., എസ്.ടി. വിഭാഗങ്ങളിൽ ഓരോ സീറ്റ് വീതം ഒഴിവുണ്ട്.

അർഹരായ വിദ്യാർത്ഥികൾ യോഗ്യത, സംവരണം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകളുമായി ജൂലൈ 23ന് രാവിലെ 10.30ന് ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഈ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികളുടെ അഭാവത്തിൽ, മെരിറ്റ്/സംവരണ മാനദണ്ഡങ്ങൾ പാലിച്ച് 2026 MGU CAT പ്രൊവിഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ഇതര വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്. ഫോൺ: 04812310165, ഇമെയിൽ: silt@mgu.ac.in

**സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസിൽ** എം.എഡ് ഡിഗ്രി പ്രോഗ്രാമിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ബി.എഡ്, ബി.എ.ബി.എഡ്, ബി.എസ്.സി.ബി.എഡ്, ബി.എൽ.എഡ് അല്ലെങ്കിൽ 50 ശതമാനം മാർക്കോടെയുള്ള ബിരുദവും ഡി.എൽ.എഡും ഉള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് പങ്കെടുക്കാം. താല്പര്യമുള്ളവർ ജൂലൈ 23ന് രാവിലെ 10 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകളുമായി സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഫോൺ: 04812731042, ഇമെയിൽ : sps@mgu.ac.in.

### സീറ്റ് ഒഴിവ്

ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട്ടേം പ്രോഗ്രാംസ് നടത്തുന്ന തൊഴിലധിഷ്ഠിത ഫുൾടൈം കോഴ്സായ 'പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ഡാറ്റാ ആൻഡ് ബിസിനസ് അനലിറ്റിക്സ്' പ്രോഗ്രാമിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. ഒരു വർഷം ദൈർഘ്യമുള്ള കോഴ്സിൻറെ ആകെ ഫീസ് 60,000 രൂപയാണ്. താൽപ്പര്യമുള്ളവർ ജൂലൈ 31നകം അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് dasp.mgu.ac.in

(ബി (ഓണേഴ്സ്) 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ജൂലൈ 2026 പരിക്ഷയ്ക്ക് ജൂലൈ 23 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂലൈ 24 വരെയും സൂപ്പർ ഫൈനോടുകൂടി ജൂലൈ 25 വരെയും അപേക്ഷ സ്വീകരിക്കും.



# ജീവനം 2.0 കാമ്പെയിന് തുടക്കം

**പത്തനംതിട്ട:** മൃഗസംരക്ഷണ മേഖലയിൽ അഭിനന്ദനീയ ഇടപെടൽ നടത്തുന്ന കുടുംബശ്രീ രണ്ടര പതിറ്റാണ്ടായി ലോകത്തിന് മാതൃകയായ സ്ത്രീശക്തീകരണ കൂട്ടായ്മയാണെന്ന് അബിൻ വർക്കി എംഎൽഎ. കുടുംബശ്രീ ജില്ല മിഷനും മൃഗസംരക്ഷണ വകുപ്പും സംയുക്തമായി സംഘടിപ്പിക്കുന്ന ജീവനം 2.0 മൃഗസംരക്ഷണ ജീവനോപാധി സുരക്ഷാ കാമ്പയിൻറെ ജില്ലാതല ഉദ്ഘാടനവും പോസ്റ്റർ പ്രകാശനവും കുളനട പ്രീമിയം കഫെ ഹാളിൽ നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ദീനാമ്മ റോയി അധ്യക്ഷത വഹിച്ചു. മൃഗസംരക്ഷണ മേഖലയിലെ ഉത്പാദനക്ഷമത വർധിപ്പിക്കുക, കർഷകരുടെ സുസ്ഥിരമായ ഉപജീവനം ഉറപ്പാക്കുക, വനിതകളുടെ സാമ്പത്തിക ശാക്തീകരണം ശക്തിപ്പെടുത്തുക എന്നിവയാണ് ജീവനം 2.0 കാമ്പെയിന്റെ പ്രധാന ലക്ഷ്യങ്ങൾ. കന്നുകാലികളുടെ ആരോഗ്യസംരക്ഷണം, ഉത്പാദനക്ഷമത വർധിപ്പിക്കുക, ഗുണമേന്മയുള്ള ക്ഷീരോത്പന്നങ്ങളുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുക, കർഷകരുടെ വരുമാനം വർധിപ്പിക്കുക, ആവശ്യമായ സാമ്പത്തികസാങ്കേതിക സഹായങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുക എന്നിവയ്ക്ക് പദ്ധതി മുൻഗണന നൽകുന്നു.

കാമ്പയിന്റെ ഭാഗമായി ജില്ലയിലെ 53 ഗ്രാമീണ സിഡിഎസുകളിലും അഞ്ച് നഗര സിഡിഎസുകളിലും കർഷകർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന വൈവിധ്യമാർന്ന കന്നുകാലി വികസനമൃഗാരോഗ്യ സംരക്ഷണ പ്രവർത്തനം സംഘടിപ്പിക്കും. മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, വിവിധ ബാങ്കുകൾ എന്നിവയുടെ സഹകരണത്തോടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുമാകും പ്രവർത്തനങ്ങൾ.

സിഡിഎസ്, ബ്ലോക്ക് തലങ്ങളിൽ കന്നുകാലി മെഡിക്കൽ ക്യാമ്പ്, പ്രതിരോധ വാക്സിനേഷൻ ഡ്രൈവ്, മരുന്ന് വിതരണം, ഇൻഫെർട്ടിലിറ്റി കെയർ, മാസ്റ്റിറ്റിസ് പ്രതിരോധ ക്യാമ്പ്, ഡീവോർമിംഗ്, സാമ്പിൾ പരിശോധന എന്നിവ സംഘടിപ്പിക്കും.

കുളനട ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷ സുജ സന്തോഷ്, കുളനട സിഡിഎസ് ചെയർപേഴ്സൺ എൻ.ഡി. ദീപ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ദീപു ഫിലിപ്പ് മാത്യു, കുടുംബശ്രീ ജില്ല മിഷൻ കോർഡിനേറ്റർ ആർ.വിമൽ ചന്ദ്രൻ, അസിസ്റ്റൻറ് കോർഡിനേറ്റർ സി.ഡി.ആതിര, ജില്ലാ പ്രോഗ്രാം മാനേജർ ചിഞ്ചു വി. ചെല്ലം, വനിത ക്ഷീരകർഷകർ, റിസോഴ്സ് പേഴ്സൺസ് തുടങ്ങിയവർ പങ്കെടുത്തു. പശു പരിപാലനവും പാൽ ഗുണനിലവാരവും എന്ന വിഷയത്തിൽ കോട്ടയം റീജണൽ ഡയറി ലബോറട്ടറിയിലെ അസിസ്റ്റൻറ് ഡയറക്ടർ ഒ.ബി.മഞ്ജു ക്ലാസ് നയിച്ചു.



# അൽഫോൻസാ സമാധാനത്തിന്റെ പ്രവാചക: മാർ റെമീജിയോസ് ഇഞ്ചനാനിയിൽ

**ഭരണങ്ങാനം:** ഭാരതസഭയുടെ അഭിമാനമാണ് വിശുദ്ധ അൽഫോൻസാ എന്നതിൽ ദൈവത്തിന് നന്ദി പറയുന്നുവെന്നും സമാധാനത്തിന്റെ പ്രവാചകയായ വിശുദ്ധയെപ്പോലെ സുവിശേഷം ജീവിക്കാൻ തയാറാകണമെന്നും താമരശേരി ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനി. ഭരണങ്ങാനത്ത് വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകുകയായിരുന്നു ബിഷപ്. അൽഫോൻസാ തീർഥാടനത്തിനോടനുബന്ധിച്ച് കഴിഞ്ഞ 40 വർഷങ്ങളിൽ രൂപതയിലേക്ക് ദൈവം വർഷിച്ച അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞു നാൽപ്പതിലധികം വൈദികരുടെ സഹകാർമികത്വത്തിലാണ് ബിഷപ് വിശുദ്ധ കുർബാനയർപ്പിച്ചത്.

ലിയോ പതിനാലാമൻ പാപ്പ ഫ്രാൻസിസ്കൻ വർഷമായി ഈ വർഷത്തെ പ്രഖ്യാപിച്ചപ്പോൾ ഈ തിരുനാളും ഏറെ പ്രസക്തമാണ്. കാരണം, വിശുദ്ധ അൽഫോൻസാ അംഗമായിരുന്നത് ഫ്രാൻസിസ്കൻ ആധ്യാത്മികതയുള്ള ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനി സമൂഹത്തിലാണ്. 700 വർഷങ്ങൾക്കുശേഷം അസീസിയിലെ വിശുദ്ധൻറെ ആധ്യാത്മികതയ്ക്ക് സജീവത നൽകുകയാണ് വിശുദ്ധ അൽഫോൻസാ ചെയ്തത്. അസീസിയിലെ വിശുദ്ധ ഫ്രാൻസിസിനെപ്പോലെ സുവിശേഷത്തിലെ ക്രിസ്തുവിനെ അറിഞ്ഞ് അനുപദം അനുകരിച്ചവളാണ് വിശുദ്ധ അൽഫോൻസയെന്നും മാർ റെമീജിയോസ് അനുസ്മരിച്ചു.

വിശുദ്ധ അൽഫോൻസാമ്മയെ പ്രത്യേക മധ്യസ്ഥയായി തെരഞ്ഞെടുത്തിരിക്കുന്ന താമരശേരി രൂപതയുടെ തീർഥാടനത്തിന് 40 ലധികം വൈദികരും നൂറിലധികം സന്യസ്തരും അനേകം അല്മായ സഹോദരങ്ങളും പങ്കെടുത്തു.

വൈദികർക്കു വേണ്ടിയുള്ള പ്രത്യേക ആശീർവാദ പ്രാർഥനയുമുണ്ടായിരുന്നു. രാവിലെ 10ന് രാഷ്ട്രദീപിക ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഫാ. മൈക്കിൾ വെട്ടിക്കാട്ട് വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി.

ഫാ. തോമസ് മൂലേച്ചാലിൽ, ഫാ. ജോസഫ് ആലഞ്ചേരി, ഫാ.ഡോ. ഉല്ലാസ് വട്ടംതൊട്ടിയിൽ വിസി, ഫാ. അലക്സാണ്ടർ പൈകട, ഫാ. സോണി മുണ്ടുനടയ്ക്കൽ, ഫാ. ജോസഫ് വള്ളോംപുരയിടം, ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട് എന്നിവരും വിവിധ സമയങ്ങളിൽ വിശുദ്ധ കുർബാനകളർപ്പിച്ച് സന്ദേശം നൽകി.

വൈകുന്നേരം 6.15ന് ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ ജപമാലതിരി പ്രദക്ഷിണം നയിച്ചു.

# ഖലീഫയിലെ ഗാനം പുറത്തിറങ്ങി

പൃഥിരാജ് സുകുമാരൻ നായകനായെത്തുന്ന വൈശാഖ് ചിത്രം 'ഖലീഫ' പ്രേക്ഷകർ വൻ പ്രതീക്ഷയോടെ കാത്തിരിക്കുന്ന സിനിമയാണ്. ഓഗസ്റ്റ് 20നു ഈ വർഷത്തെ ഓണം റിലീസായി എത്തുന്ന ചിത്രത്തിലെ പ്രണയഗാനം 'അസലായവളേ..' അണിയറ പ്രവർത്തകർ പുറത്തുവിട്ടു. ഗാനമിപ്പോൾ സോഷ്യൽ മീഡിയകളിൽ വൈറലാണ്. ഒരുപിടി ഹിറ്റ് ഗാനങ്ങൾ പ്രേക്ഷകർക്ക് സമ്മാനിച്ച ജേക്സ് ബിജോയ് സിദ് ശ്രീറാം കൂട്ടുകെട്ടിൽ പിറന്ന ഈ ഗാനത്തിന് മുത്തുവാണ് വരികൾ ഒരുക്കിയത്. ജേക്സ് ബിജോയ് സംഗീതം പകർന്ന ഗാനം സിദ് ശ്രീറാമും മഖ്ബൂൽ മൻസൂറും ചേന്നാണ് ആലപിച്ചത്. മലയാളികളെ ഒന്നടങ്കം ആവേശത്തിലാഴ്ത്തിയ നരിവേട്ടയിലെ മിന്നൽവളയും ഇഷ്ഖ്ലെ പറയുവാൻ എന്ന ഗാനവും ഇന്നും പ്രേക്ഷകരുടെ പ്ലേലിസ്റ്റിൽ മുൻ നിരയിലാണ്. ഈ കൂട്ടത്തിലേക്ക് ഖലീഫയിലെ പുതിയ ഗാനം കൂടി സ്ഥാനം പിടിച്ചിരിക്കുകയാണ്.

ദുബായിൽ ചിത്രീകരണം പൂർത്തിയാക്കിയ ഖലീഫ രണ്ട് ഭാഗങ്ങളായാണ് റിലീസ് ചെയ്യുന്നത്. മാമ്പറയ്ക്കൽ ആമിർ അലി' എന്ന കഥാപാത്രമായി പൃഥിരാജ് എത്തുമ്പോൾ മാമ്പറയ്ക്കൽ അഹമ്മദ് അലി'യായി മലയാളത്തിന്റെ ഇതിഹാസം മോഹൻലാലാണ് അതിഥി വേഷത്തിൽ എത്തുന്നത്. മാളവിക ശർമ്മയാണ് ചിത്രത്തിലെ നായിക. താരത്തിന്റെ ആദ്യ മലയാള സിനിമ കൂടിയാണ് ഖലീഫ. ജിനു എബ്രഹാമിന്റേതാണ് തിരക്കഥ. ജിനു ഇന്നോവേഷൻസിന്റെ ബാനറിൽ ജിനു വി എബ്രഹാമാണ് ചിത്രം നിർമ്മിക്കുന്നത്. സൂരജ് കുമാർ, ശ്രീലാൽ സൂരപാണി, സിജോ സെബാസ്റ്റ്യൻ എന്നിവരാണ് സഹനിർമ്മാതാക്കൾ. ജോമോൻ ടി ജോണാണ് ഛായാഗ്രാഹകൻ. ചമൻ ചാക്കോയുടെതാണ് ചിത്രസംയോജനം.

പ്രൊഡക്ഷൻ ഡിസൈനർ: മോഹൻദാസ്, ആക്ഷൻ ഡയറക്ടർസ്: ചേതൻ ഡിസൂസ യാനിക് ബെൻ ഫോണിക്സ് പ്രഭു, കോ ഡയറക്ടർ: സുരേഷ് ദിവാകർ, കലാസംവിധാനം: വിശ്വനാഥ് അരവിന്ദ്, വസ്ത്രാലങ്കാരം: മഷർ ഹംസ, മേക്കപ്പ്: അമൽ ചന്ദ്രൻ, സൗണ്ട് ഡിസൈൻ: സിങ്ക് സിനിമ, അഡീഷണൽ മ്യൂസിക്: ജാബിർ സുലൈം, ഫൈനൽ മിക്സ്: എം ആർ രാജാ



കൃഷ്ണൻ, പ്രൊഡക്ഷൻ കൺട്രോളർ: റെനി ദിവാകർ, വിനോഷ് കൈമൾ, കളറിസ്റ്റ്: ശ്രീക്ക് വാര്യർ, പോസ്റ്റർ ഡിസൈൻ: എയ്സ്തെറ്റിക്ക് കുഞ്ഞമ്മ, ഡിജിറ്റൽ പ്രൊമോഷൻസ്: വിപിൻ കുമാർ, ഡി ഐ: കളർ പ്ലാനറ്റ്, വിഎഫ്എക്സ്: പ്രശാന്ത് നായർ, സ്റ്റിൽസ്: സിനത് സേവിയർ.



# വന്യമൃഗങ്ങളുടെ കഥയുമായി ലർക്ക് 24ന്

വന്യമൃഗങ്ങളുടെ ആക്രമണം മൂലം നിരവധി കർഷകരുടെ ജീവൻ പൊലിഞ്ഞു വീണ നാട്ടിൽ ആ കർഷകരുടെ ദയനീയതയും വന്യമൃഗങ്ങളുടെ ആക്രമണങ്ങളുടെ നേർ ചിത്രവും വരച്ചു കാട്ടുന്ന ചലച്ചിത്രം പുറത്തിറങ്ങുന്നു.

വനങ്ങളെ സംരക്ഷിക്കണം ...വന്യമൃഗങ്ങളെയും സംരക്ഷിക്കണം... എന്നാൽ അതിനേക്കാൾ മുകളിൽ ഒരു ഉത്തരവാദിത്വമുണ്ട്. അതാണ് ജനങ്ങൾ'. ലർക്ക് ചിത്രത്തിലെ ആദ്യ വാക്കുകളിലൊന്നാണിത്. ഇത് കേരളത്തിലെ മലയോരജനത ഒന്നടങ്കം ആവശ്യപ്പെടുന്ന കാര്യവുമാണിത്.

വ്യാവസായിക ലാഭമല്ല മറിച്ച് കേരളത്തിലെ സാധാരണ ജനങ്ങൾ, പ്രത്യേകിച്ച് മലയോര ജില്ലകളായ വയനാട്ടിലേയും ഇടുക്കിയേലും ഉൾപ്പെടെയുള്ള കർഷക സമൂഹം വന്യജീവികളിൽ നിന്നും നേരിടുന്ന ആക്രമണങ്ങളാണ് ഈ ചലച്ചിത്രം തുറന്നു കാട്ടുന്നത്.

ഭാര്യയെ കാട്ടാന ചവിട്ടിക്കൊന്ന കാഴ്ച്ച നേരിൽ കാണേണ്ടി വന്ന ഭർത്താവിന്റെ അവസ്ഥ പത്രവാർത്തകളിലൂടെ കണ്ട സംവിധായകൻ എം.എ നിഷാദാണ് ഇത്തരത്തിലൊരു ചലച്ചിത്രം നിർമിക്കാൻ തീരുമാനിച്ചത്. മനുഷ്യൻറ യതാർഥ ശത്രു ആരാണെന്നു വരച്ചുകാട്ടാനാണ് ഈ സിനിമയെന്നാണ് ഇവരുടെ പക്ഷം. മാധ്യമങ്ങളിലൂടെ പുറത്തുവന്ന വന്യജീവി ആക്രമണങ്ങളുടെ വാർത്തകൾ ഇത്തരത്തിലൊരു ചലച്ചിത്ര കഥയെഴുതാൻ തന്നെ സ്വാധീനിച്ചതായും നിഷാദ് പറഞ്ഞു.


സംസ്ഥാനത്തെ വന്യമൃഗങ്ങളുടെ ആക്രമണം നേരിട്ട ജനങ്ങളെ നേരിൽ കണ്ടെത്തി അവരുടെ അനുഭവങ്ങൾ മനസിലാക്കിയ ശേഷമാണ് തിരക്കഥ തയാറാക്കിയത്.

ഒരുവർഷത്തെ അന്വേഷണത്തിനു ശേഷമാണ് ചലച്ചിത്രത്തിനായുള്ള തിരക്കഥയെഴുതിയത്. ഇത് യതാർഥ ജീവിതകഥയാണ് വരച്ചുകാട്ടുന്നതെന്നും അധികാരികൾക്ക് മുമ്പിൽ കർഷകരുടെ അവസ്ഥ നേരിൽ കാട്ടാനായാണ് താൻ ജനകീയമായ ഈ വിഷയത്തെ ഏറ്റെടുത്തതെന്നു നിഷാദ് വ്യക്തമാക്കി.

മനുഷ്യവാസ മേഖലകകളിലേയ്ക്ക് വന്യമൃഗങ്ങൾ കടന്നുവരുന്ന സാഹചര്യം കൂടുന്നു. വനാതിർത്തിയിൽ മാത്രമല്ല പട്ടണ പ്രദേശങ്ങളിലേക്ക് വരെ ഈ മൃഗങ്ങൾ കടന്നെത്തുന്നു. അധികാരികൾ പറയുന്നതിനും അപ്പുറമാണ് ഈ വിഷയത്തിലെ സ്ഥിതിഗതികൾ. മനുഷ്യവാസമേഖലകളിലേക്ക് ഇത്തരത്തിൽ വന്യമൃഗങ്ങൾ കടന്നുവരുമ്പോൾ മനുഷ്യന്റെ വാസകേന്ദ്രത്തിനു പോലും ഭീഷണിയായി മാറുന്നു. അധികാരികൾ കണ്ണു തുറന്ന് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണമെന്ന സൂചനയാണ് ചിത്രത്തിലൂടെ നല്കുന്നത്. ഈ ചിത്രം റിലീസിംഗിനു മുന്നേ തന്നെ നിരവധി അവാർഡുകൾ വാരിക്കൂട്ടി. 10 ചലച്ചിത്ര മേളകളിൽ പ്രദർശിപ്പിച്ച ചിത്രം ഈ മാസം 24 നാണ് സിനിമ തീയറ്ററുകളിൽ എത്തുന്നത്.ആർ ഹരികുമാർ അവതരിപ്പിക്കുന്ന ചിത്രത്തിൻറെ കഥ എം.എ നിഷാദാണ് എഴുതിയത്.

ഒപ്പം സിനിമയിലെ ഒരു കഥാപാത്രമായും നിഷാദ് രംഗത്തു വരുന്നു. സൈജു കുറുപ്പ്, അജു വർഗീസ്, ടി.ജി രവി, അനുമോൾ, മഞ്ജു പിള്ള എന്നിവരാണ് ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങൾ. ഇടുക്കിയിലും വയനാട്ടിലുമായിരുന്നു ചിത്രത്തിന്റെ ഷൂട്ടിംഗ്.

# നാളെ ഓട്ടംതുള്ളൽ




ചിരിയുടെ മീറ്റർ ഫുൾ സ്പീഡിൽ ഓടാൻ തുടങ്ങുന്നു ജൂലായ് ഇരുപത്തിനാലു മുതൽ എന്ന ടാഗ് ലൈനോടെ ജി. മാർത്താണ്ഡൻ സംവിധാനം ചെയ്യുന്ന ഓട്ടംതുള്ളലിന് പുതിയ പോസ്റ്റർ എത്തി. വിജയരാഘവന്റെ വ്യത്യസ്ഥമായ ക്ലോസപ്പ് ലുക്കും അതിനു താഴെയായി ജനപ്രിയരായ ഒരു സംഘം അഭിനേതാക്കളുമായി ട്ടാണ് പുതിയ പോസ്റ്റർ എത്തിയിരിക്കുന്നത്. ആദ്യാ പ്രൊഡക്ഷൻസ് അവതരിപ്പിക്കുന്ന ഈ ചിത്രം ജെ.കെ എസ് പ്രൊഡക്ഷൻസിന്റെ ബാനറിൽ മോഹൻ നെല്ലിക്കാട്ട് നിർമ്മിക്കുന്നു.

തനി നാടൻ കഥയെന്നാണ് അണിയറശിൽപ്പികൾ ഈ ചിത്രത്തെ വിശേഷിപ്പിക്കുന്നത്.

സാധാരണക്കാർ താമസ്സിക്കുന്ന ഒരു ഗ്രാമത്തിൽ ഒരു കുടുംബത്തിൽ അരങ്ങേറുന്ന പ്രശ്നം ആഗ്രാമത്തിന്റെ തന്നെ പ്രശ്നമായി മാറുന്നതാണ് തികഞ്ഞ നർമ്മ മുഹൂർത്തങ്ങളിലൂടെ അവതരിപ്പിക്കുന്നത്.വിജയരാഘവനു പുറമേ വിഷ്ണു ഉണ്ണികൃഷ്ണൻ, ടിനിടോം, ഹരിശ്രീ അശോകൻ, മനോജ്.കെ.യു, ബിനു ശിവറാം,ജിയോ ബേബി, സിദ്ധാർത്ഥ് ശിവ, കുട്ടി അഖിൽ ജെറോം. ബിപിൻ ചന്ദ്രൻ, പ്രിയനന്ദൻ, വൈക്കം ഭാസി, ആദിനാട് ശശി, റോയ് തോമസ്, മാസ്റ്റർ ശ്രീപത്യാൻ അനിയപ്പൻ, ശ്രീരാജ്, പൗളി വത്സൻ, സേതു ലഷ്മി, ജസ്ന്യ.കെ. ജയദീഷ്,ചിത്രാ നായർ, പ്രിയാ കോട്ടയം,ബിന്ദു അനീഷ്, ലതാദാസ്, അജീഷ, രാജി മേനോൻ, ബേബി റിഹരാജ് എന്നിവരും ഈ ചിത്രത്തിലെ പ്രധാന വേഷങ്ങളിലെത്തുന്നു. ബിബിൻ ജോർജ് സുപ്രധാനമായ ഒരു കഥാപാത്രത്തെ അവതരിപ്പിക്കുന്നു. ബിനു ശശി റാമിന്റേതാണു തിരക്കഥ.

സംഗീതത്തിനും ഏറെ പ്രാധാന്യമുള്ള ഈ ചിത്രത്തിൽ ബി.കെ. ഹരിനാരായണൻ, വിനായക് ശശികുമാർ, ധന്യാ സുരേഷ് മേനോൻ എന്നിവർ ഗാനങ്ങൾ രചിച്ചിരിക്കുന്നു.

# കോർപ്പറേറ്റ് മിത്ര കോഴ്സിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി:** സമ്പദ്ഘടനയുടെ ചാലക ശക്തിയായ സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് (എംഎസ്എംഇ) അക്കൗണ്ടിംഗ്, ജിഎസ്ടി, നികുതി സാമ്പത്തിക മാനേജ്മെന്റ്, നിയമ കാര്യങ്ങൾ, കമ്പനി സെക്രട്ടേറിയൽ, കോസ്റ്റ് ആൻഡ് മാനേജ്മെന്റ് എന്നീ മേഖലകളിലേക്ക് നൈപുണ്യം നേടിയ പ്രൊഫഷണലുകളെ ലഭ്യമാക്കുന്നതിനായി കേന്ദ്ര കോർപ്പറേറ്റ്കാര്യ മന്ത്രാലയം ആരംഭിച്ച കോർപ്പറേറ്റ് മിത്ര കോഴ്സിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. ഒരു വർഷത്തെ കോഴ്സിൽ ആദ്യ ആറുമാസം 150 മണിക്കൂർ ഓൺലൈൻ ക്ലാസ്സുകളും പിന്നീടുള്ള ആറു മാസം തൊഴിൽ പരിശീലനവുമായിരിക്കും. പ്രായപരിധി 30 വയസ്. ബിരുദധാരികൾക്കും അവസാന വർഷ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാം. രജിസ്ട്രേഷൻ ഫീസ് 3000+ ജിഎസ്ടി. സ്ത്രീകൾക്കുപുറമെ വടക്കുകിഴക്കൻ മേഖല, ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ എന്നിവിടങ്ങളിലെ അപേക്ഷകർക്ക് രജിസ്ട്രേഷൻ ഫീസിൽ 50% ഇളവ് ലഭിക്കും.

ഐഐടി മദ്രാസ്, ഐഐടിഎം പ്രവർത്തക്, സ്വയം പ്ലസ് പോർട്ടൽ എന്നിവയോടൊപ്പം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാറ്റേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ (ഐസിഎഐ), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ (ഐസിഎസ്ഐ), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ (ഐസിഎഐ) എന്നീ പ്രൊഫഷണൽ സ്ഥാപനങ്ങളും ചേർന്നാണ് കോഴ്സ് നടത്തുന്നത്. രജിസ്ട്രേഷനും വിശദ വിവരങ്ങൾക്കുമായി https://swayamplus.education.gov.in/courses/corporate-mtira എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# സിഎസ്ആറിൽ 174.03 കോടി വകയിരുത്തി മുത്തൂറ്റ് ഫിനാൻസ്

**കൊച്ചി:** സുസ്ഥിര വികസനവും സമഗ്രമായ സാമൂഹികക്ഷേമവും ലക്ഷ്യമിട്ട് മുത്തൂറ്റ് ഫിനാൻസ് 202627 സാമ്പത്തികവർഷത്തെ കോർപറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി ഫണ്ടിലേക്ക് 174.03 കോടി രൂപ വകയിരുത്തിയതായി അധികൃതർ അറിയിച്ചു.

2025-26 സാമ്പത്തികവർഷം സിഎസ്ആർ പ്രവർത്തനങ്ങൾക്കായി 106.42 കോടി രൂപയാണ് കമ്പനി ചെലവഴിച്ചത്. ആരോഗ്യം, വിദ്യാഭ്യാസം, ഭവനനിർമാണം, ഉപജീവന സഹായം, കായികം തുടങ്ങിയ മേഖലകളിലൂടെ രാജ്യത്തുടനീളം ഏകദേശം 33.7 ലക്ഷം ഗുണഭോക്താക്കൾക്കാണ് പ്രയോജനം ലഭിച്ചത്.

വിദ്യാഭ്യാസമേഖലയിൽ മുത്തൂറ്റ് എം. ജോർജ് എക്സലൻസ് അവാർഡും ഹയർ എഡ്യുക്കേഷൻ സ്കോളർഷിപ്പും മുത്തൂറ്റ് ശിക്ഷാജ്യോതി തുടങ്ങിയ പദ്ധതികളിലൂടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 11,900ഓളം വിദ്യാർഥികൾക്കു സഹായം നൽകി.

# മാരുതി സുസുകി വീണ്ടും കാർവില കൂട്ടുന്നു

**ന്യൂഡൽഹി:** രാജ്യത്തെ പ്രമുഖ വാഹന നിർമാതാക്കളായ മാരുതി സുസുകി ഇന്ത്യ തങ്ങളുടെ വിവിധ നിരക്കിൽ 30,000 രൂപ വരെ വർധന ഉണ്ടാകുമെന്ന് കമ്പനി സ്റ്റോക്ക് എക്സ്ചേഞ്ചുകളെ അറിയിച്ചു. വാഹനങ്ങൾ നിർമിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വില തുടർച്ചയായി ഉയരുന്നതാണ് വില വർധനയ്ക്കു കാരണമെന്ന് നിർമാതാക്കൾ വ്യക്തമാക്കി.

കഴിഞ്ഞ ഏതാനും മാസങ്ങളായി ചെലവു ചുരുക്കൽ നടപടികളിലൂടെയും ആഭ്യന്തര കാര്യക്ഷമത കൂട്ടിയും, വർധിച്ച ചെലവുകൾ കമ്പനിതന്നെ വഹിക്കുകയായിരുന്നു. എന്നാൽ, പണപ്പെരുപ്പ ഭീഷണിയും അസംസ്കൃത വസ്തുക്കളുടെ കടുത്ത വിലവർധനയും കാരണം നിർമാണച്ചെലവിൻറെ ഒരുപങ്ക് ഉപയോക്താക്കളിലേക്കു മാറ്റാൻ നിർബന്ധിതരാക്കുകയായിരുന്നു എന്ന് മാരുതി വ്യക്തമാക്കി.

ഇതു രണ്ടാം തവണയാണ് ഈ വർഷം മാരുതി തങ്ങളുടെ വാഹനനിരയിലാകെ വില വർധിപ്പിച്ചിരിക്കുന്നത്. അടുത്തിടെ പശ്ചിമേഷ്യൻ സംഘർഷങ്ങളെ തുടർന്ന് അസംസ്കൃത വസ്തുക്കളുടെ വിലയിലുണ്ടായ കുതിച്ചുചാട്ടം ചൂണ്ടിക്കാട്ടി ജൂണിലും കമ്പനി 30,000 രൂപ വരെ വില വർധിപ്പിച്ചിരുന്നു. എൻട്രി ലെവൽ മോഡലായ എസ്പ്രസോ മുതൽ പ്രീമിയം എംപിവിയായ ഇൻവിക്ടോ വരെയുള്ള എല്ലാ മോഡലുകൾക്കും മോഡൽ വ്യത്യാസമനുസരിച്ച് വിലവർധന ബാധകമാകും.

അടുത്തിടെ വിൽപ്പനയിൽ മികച്ച നേട്ടമുണ്ടാക്കിയ ശേഷമാണ് കമ്പനിയുടെ ഈ പുതിയ പ്രഖ്യാപനം. കഴിഞ്ഞ മേയിൽ കമ്പനിയുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന പ്രതിമാസ വിൽപ്പനയായ 2,42,688 യൂണിറ്റുകൾ മാരുതി വിറ്റഴിച്ചിരുന്നു. ജൂണിൽ 2,00,390 യൂണിറ്റുകളായിരുന്നു കമ്പനിയുടെ മൊത്തം വിൽപ്പന.





# കോട്ടയത്ത് സിൽക്ക് വീവ്സ് എക്സ്പോ ജൂലൈ 27 വരെ

**കോട്ടയം:** കൈത്തറി പ്രേമികൾക്കും വിവാഹ ആവശ്യങ്ങൾക്ക് ഷോപ്പിങ് നടത്തുന്നവർക്കും മികച്ച അവസരമൊരുക്കി സിൽക്ക് വീവ്സ് എക്സ്പോ കോട്ടയത്തും. ജൂലൈ 27 വരെ കോട്ടയം ഈരയിൽ കടവിലുള്ള പാർക്ക് ലെയ്ൻ റോഡിലെ കെ.സി. മാമ്മൻ മാപ്പിള ഹാളിൽ പ്രദശനവും വിൽപനയും നടക്കും. രാവിലെ 11 മുതൽ രാത്രി 9 വരെയാണ് സമയം. 'ഓണം സ്പെഷ്യൽ എഡിഷൻ' ആണ് കോട്ടയത്ത് ഉണ്ടാവുക.

ഇന്ത്യയിലെ ഏറ്റവും വലിയ സിൽക്ക് എക്സ്പോ എന്നറിയപ്പെടുന്ന പ്രദർശനത്തിൽ കൈകൊണ്ട് നിർമിച്ച സിൽക്ക്, കോട്ടൺ സാരി, കുർത്തി, ഡിസൈനർ, എത്നിക് വെയർ, ഡ്രസ് മെറ്റീരിയൽ, ഹോം ലിനൻ, ഫാഷൻ ആഭരണങ്ങൾ തുടങ്ങിയവ ഒരുക്കിയിട്ടുണ്ട്. നിരവധി ഉൽപന്നങ്ങൾക്ക് കിഴിവും ലഭിക്കും. ധകായ് ജംദാനി ആൻഡ് മസ്‌ലിൻ സിൽക്ക്, ബാലുചാരി, ടാൻഗയിൽ, ബംഗാളിൽ നിന്നുള്ള ലിനൻ സാരി, ഉത്തർപ്രദേശിൽ നിന്നുള്ള ബനാറസ് സിൽക്കുകളും സിൽക്ക് കോട്ടണും രാജസ്ഥാനി ഡാബു പ്രിന്റ്, ബന്ദേജ്, ഗുജറാത്ത് പടോള, ബിഹാർ ടസ്സർ സിൽക്ക് എന്നിവയും പ്രദർശനത്തിലെ പ്രധാന ആകർഷണമാണ്.




# ഡോ. എ പി ജെ അബ്ദുൽ കലാം ഇന്റർനാഷണൽ ഫൗണ്ടേഷൻ ജനനി 2026 ദേശീയ വനിതാ കോൺക്ലേവ് ജൂലൈ 24ന് കൊച്ചിയിൽ

**കൊച്ചി:** ഭാരതരത്ന ഡോ. എ പി ജെ അബ്ദുൽ കലാമിന്റെ 11-ാം അനുസ്മരണ വർഷാചരണത്തിന്റെ ഭാഗമായി ഡോ. എ പി ജെ അബ്ദുൽ കലാം ഇന്റർനാഷണൽ ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന രാജ്യവ്യാപക വനിതാ ശാക്തീകരണ പ്രസ്ഥാനമായ ജനനി 2026 ജൂലൈ 24ന് എറണാകുളം സെന്റ് തെരേസാസ് കോളേജ് (ഓട്ടോണമസ്) ഓഡിറ്റോറിയത്തിൽ നടക്കും.

ജനനി 2026 മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും. സമൂഹത്തിനും രാജ്യത്തിനും മികച്ച സംഭാവനകൾ നൽകിയ മാതൃകാ വനിതകളെ ആദരിക്കുന്ന ജനനി 2026ന്റെ പുരസ്കാരങ്ങളുടെ വിതരണച്ചടങ്ങ് പരിപാടിയുടെ പ്രധാന ആകർഷണങ്ങളിലൊന്നായിരിക്കും.

കേരളത്തിനകത്തും പുറത്തുമുള്ള പ്രമുഖ വനിതാ നേതാക്കൾ, നയരൂപകർ, ശാസ്ത്രജ്ഞർ, ജനപ്രതിനിധികൾ, സംരംഭകർ, ഡോക്ടർമാർ, വിവിധ മേഖലകളിലെ പ്രൊഫഷണലുകൾ, കലാകാരികൾ, അധ്യാപകർ, മാധ്യമ പ്രവർത്തകർ, വിദ്യാർഥികൾ, സാമൂഹിക പ്രവർത്തകർ, വിവിധ മേഖലകളിലെ പ്രതിനിധികൾ എന്നിവർ പങ്കെടുക്കുന്ന ദേശീയ സംഗമമായിരിക്കും ജനനി 2026.

മാതൃത്വം, നായിക, സേവ, ശക്തി, വിശ്വദീപ്തി എന്നിങ്ങനെ അഞ്ച് സെഷനുകളിൽ പാനൽ ചർച്ചകൾ, സാംസ്കാരിക പരിപാടികൾ തുടങ്ങിയവ ജനനയുടെ ഭാഗമായി നടക്കും. രാവിലെ എട്ട് മണിക്ക് റജിസ്ട്രേഷനോടെയാണ് പരിപാടികൾ ആരംഭിക്കുക. വൈകിട്ട് നാലുമണിക്ക് മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം നിർവഹിക്കും.

മല്ലികാ സുകുമാരൻ, ഉമാ തോമസ് എം എൽ എ, ശ്വേതാമേനോൻ, അഞ്ജു ബോബി ജോർജ്ജ്, ലെന, ഡോ. ടെസ്സി തോമസ്, അനിലാ രാജീവ്, അമൃതാ രാജൻ, അഡ്വ. ശാന്തി മായാദേവി, ഐശ്വര്യാ ശ്രീനിവാസൻ, ആർ ജെ നീന, ഉമാ പ്രേമൻ, പ്രിയങ്കാ നായർ, നിഷാ ജോസ് കെ മാണി, സീനാ ടോണി ജോസ്, ആരതി കൃഷ്ണ, ഡോ. അമൃതാ സാബു, അസ്വതി പ്രഹ്ലാദൻ, രാഗാ ശങ്കർ, മെലാനി ഷിബു, അനൂജാ ബഷീർ, സഫ്രീനാ ലത്തീഫ്, ജീമോൾ ചാക്കോ കോറോത്ത്, നുസ്രത്ത് ജഹാൻ, ജസ്റ്റിസ് മേരി ജോസഫ്, ലത കെ, അശ്വതി രാജേന്ദ്രൻ, നിസരി മഹേഷ്, വർധിനി പ്രകാശ്, ഉത്തര രാമകൃഷ്ണൻ, ഇന്ദുലേഖ വാര്യർ, ഡോ. സൂസൻ വർഗ്ഗീസ്, ഡോ. അഷിത മേനോൻ, സൗമ്യ തോമസ്, സൈറ ഷാൻ, ഡോ. രൂപാ മാത്യു, സാറ ജോർജ്ജ് മുത്തൂറ്റ്, അഞ്ജു ബിസ്റ്റ്, എൽസ റോയ്സ്, അനുപ കൃഷ്ണൻ, നിഭ നമ്പൂതിരി, ഡോ. സ്നേഹാ രാജു, സുഖദ തമ്പുരാൻ, മധുമതി മഹേഷ്, ലീമാ ജേക്കബ്, സജ്ന സുധീർ, മേജർ ജനറൽ ലിസമ്മ പി വി, ഉഷാ ടൈറ്റസ് എന്നിവർ വിവിധ പരിപാടികളിൽ പങ്കെടുക്കും.

അമൃതാ രാജന്റെ സംഗീത പരിപാടി, രാഗാ ശങ്കറിന്റെ നേതൃത്വത്തിൽ വനിതാ കളരിപ്പയറ്റ്, നിഷാ ജോസ് കെ മാണിയുമായി ഫയർസൈഡ് ചാറ്റ് തുടങ്ങിയവയും പരിപാടിയുടെ ഭാഗമായി അരങ്ങേറും.

ജനനി 2026 ആഘോഷങ്ങളുടെ ഭാഗമായി ജൂലൈ 23ന് കൊല്ലം വള്ളിക്കാവ് അമൃതപുരിയില മാതാ അമൃതാനന്ദമയി ദേവിക്ക് ഡോ. എ പി ജെ അബ്ദുൽ കലാം ഇന്റർനാഷണൽ ഫൗണ്ടേഷന്റെ പരമോന്നത ബഹുമതി കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ സമ്മാനിക്കും. ചടങ്ങിൽ നിർമിത ബുദ്ധിയിൽ ഒരുക്കിയ 'കലാംസ് ഏഞ്ചൽ' എന്ന പ്രചോദനാത്മക ചിത്രത്തിന്റെ പോസ്റ്റർ പ്രകാശനവും ചടങ്ങിൽ നടക്കും.

ഡോ. എ പി ജെ അബ്ദുൽ കലാമിന്റെ കുടുംബാംഗങ്ങളുടെയും ഡോ. എ പി ജെ അബ്ദുൽ കലാം ഇന്റർനാഷണൽ ഫൗണ്ടേഷന്റെ നേതൃത്വത്തിന്റെയും സാന്നിധ്യത്തിലും പങ്കാളിത്തത്തിലുമാണ് ജനനി 2026 സംഘടിപ്പിക്കുന്നത്.

വാർത്താ സമ്മേളനത്തിൽ ഒലിവിയ സൈറ റൈജു, ഡോ. ജെറി മാത്യു, ക്യാപ്റ്റൻ പ്രകാശ് പി ബി, ഡോ. പ്രിയാ കെ നായർ, കാർത്തിക ദാസ് എന്നിവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY



സൂപ്പർ മാർക്കറ്റ് വെൽഫെയർ അസ്സോസിയേഷൻ ഓഫ് കേരള (സ്വാക്ക്) എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജൂലൈ 23ന് എറണാകുളം ഗോകുലം കൺവെൻഷൻ സെന്ററിൽ ഓണം ഫെസ്റ്റും ബിടുബി മീറ്റും സംഘടിപ്പിക്കുന്നതായി എറണാകുളം ജില്ലാ പ്രസിഡന്റ് അബ്ദുൾ അസ്സീസ് അറിയിക്കുന്നു. ജില്ലാ ഭാരവാഹികളായ അബ്ദുൾ സലാം, പി.എം.അഷറഫ്, കെ.എ.മുഹമ്മദ് അൻസാഫ്, അരുൺ അരവിന്ദ്, വി,എസ്.നാരായണ ബാബു, എം.എ റാഫി എന്നിവർ സമീപം.

# സൂപ്പർ മാർക്കറ്റ് വെൽഫെയർ അസ്സോസിയേഷൻ: ഓണം ഫെസ്റ്റും ബിടുബി മീറ്റും ഇന്ന്

**കൊച്ചി:** സൂപ്പർ മാർക്കറ്റ് വെൽഫെയർ അസ്സോസിയേഷൻ ഓഫ് കേരള (സ്വാക്ക്) എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഓണം ഫെസ്റ്റും ബി.ടു.ബി മീറ്റും സംഘടിപ്പിക്കുന്നു. ഇന്ന് രാവിലെ 9.30ന് എറണാകുളം കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ ജില്ലാ പ്രസിഡന്റ് അബ്ദുൾ അസ്സീസിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന ഏകദിന കൺവെൻഷൻ സ്വാക്ക് സംസ്ഥാന പ്രസിഡന്റ് ജോർഫിൻ പെട്ട ഉദ്ഘാടനം ചെയ്യും. തുടർന്ന് നടക്കുന്ന ബിസിനസ്സ് സെഷനിൽ കുടുംബവും സംരംഭകത്വവും ഒന്നിച്ചുകൊണ്ടുപോകുന്നതിനുള്ള വഴികൾ എന്ന വിഷയത്തിൽ ഫ്രഷ് ടു ഹോം സി.ഒ.ഒ മാത്യു ജോസഫ് മുഖ്യപ്രഭാഷണം നടത്തും. പുതിയ ലേബർ കോഡിനെക്കുറിച്ചുള്ള ക്ലാസ് വർക്കിച്ചൻ പെട്ട നയിക്കും. ചടങ്ങിൽ വിവിധ കമ്പനികളുടെ പുതിയ ഉത്പന്നങ്ങളുടെ ലോഞ്ച്, ലക്കി ഡ്രോ, അവാർഡ് സെറിമണി എന്നിവയും ഉണ്ടാകും. ഉച്ച കഴിഞ്ഞ് എറണാകുളം ജില്ല കമ്മിറ്റിയുടെ വാർഷിക പൊതുയോഗവും, കുടുംബ സംഗമവും, ഭാരവാഹി തിരഞ്ഞെടുപ്പും നടക്കും. സ്വാക്ക് എറണാകുളം ജില്ലാ ജനറൽ സെക്രട്ടറി കെ.എ.മുഹമ്മദ് അൻസാഫ്, ട്രഷറർ അരുൺ അരവിന്ദ്, സംസ്ഥാന ജനറൽ സെക്രട്ടറി കെ.എ.സിയാവുദീൻ, സംസ്ഥാന വൈസ് പ്രസിഡന്റ് സാജു മൂലൻ, സംസ്ഥാന ട്രഷറർ എസ്. സുഹൈബ്, സ്വാക്ക് ബിടുബി ഫെസ്റ്റ് ചെയർമാൻ നാരായണ ബാബു, വൈസ് ചെയർമാൻ പി.എം.അഷറഫ്, സ്വാക്ക് ബിടുബി ഫെസ്റ്റ് ചെയർമാൻ നാരായണ ബാബു, വൈസ് ചെയർമാൻ പി.എം.അഷറഫ് എന്നിവർ സംസാരിക്കും. ഓണക്കാലത്തെ വരവേൽക്കുന്നതിനൊപ്പം ബിസിനസ്സ് മേഖലയിലെ പുതിയ നിയമങ്ങൾ, പുതിയ ഉത്പന്നങ്ങൾ, ഉപഭോക്താക്കളുടെ അഭിരുചി എന്നിങ്ങനെ വിവിധ മേഖലകളിലെ അറിവുകൾ സംഘടനയിലെ മുഴുവൻ അംഗങ്ങളിലേയ്ക്കും എത്തിക്കുന്നതിനായാണ് ഓണം ഫെസ്റ്റും, ബിടുബി മീറ്റും സംഘടിപ്പിച്ചിരിക്കുന്നതെന്ന് എറണാകുളം പ്രസ്സ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ജില്ലാ പ്രസിഡന്റ് അബ്ദുൾ അസ്സീസ്,ജില്ലാ ജനറൽ സെക്രട്ടറി കെ.എ.മുഹമ്മദ് അൻസാഫ്, ട്രഷറർ അരുൺ അരവിന്ദ്, സ്വാക്ക് ബിടുബി ഫെസ്റ്റ് ചെയർമാൻ നാരായണ ബാബു, വൈസ് ചെയർമാൻ പി.എം.അഷറഫ്, ബജനറൽ കൺവീനർ എം.എ റാഫി, കൺവീനർ അബ്ദുൾ സലാം എന്നിവർ പറഞ്ഞു.

# എംസിഎസ്ക്വയർ ഫൗണ്ടേഷന്റെ 12.5 കോടി രൂപയുടെ ഗ്രാൻഡ് ബ്യൂട്ടനോൾ ചലഞ്ച്

**മുംബൈ:** ഇന്ത്യയിൽ ജൈവ ബ്യൂട്ടനോൾ (ബയോബ്യൂട്ടനോൾ) ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി എംസിദ്ധ ഫൗണ്ടേഷൻ 12.5 കോടി രൂപ സമ്മാനവും ഗ്രാന്റും ഉൾപ്പെടുന്ന ഗ്രാൻഡ് ബ്യൂട്ടനോൾ ചലഞ്ച് പ്രഖ്യാപിച്ചു. പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയത്തിന്റെ പിന്തുണയോടെയുള്ള ഈ ദേശീയ നവീകരണ പദ്ധതിക്ക് എച്ച്പിസിഎൽ, ഒഎൻജിസി, ഐഒസിഎൽ, ബിപിസിഎൽ, ഗെയിൽ, ഓയിൽ ഇന്ത്യ, പെട്രോനെറ്റ് എൽഎൻജി തുടങ്ങിയ പൊതുമേഖലാ ഊർജ സ്ഥാപനങ്ങളുടെ പിന്തുണയുണ്ട്.

സ്റ്റാർട്ടപ്പുകൾക്കും ഗവേഷകർക്കും സ്വദേശീയ ബയോബ്യൂട്ടനോൾ സാങ്കേതികവിദ്യ വികസിപ്പിക്കാൻ അവസരമൊരുക്കുന്ന പദ്ധതിയിൽ 5 കോടി രൂപ സമ്മാനമായും 7.5 കോടി രൂപ




ഗ്രാന്റായും നൽകും. സിക്യാമ്പ് നടപ്പാക്കൽ, മെന്ററിംഗ് പങ്കാളിയായും സെന്റർ ഫോർ ഹൈ ടെക്നോളജി (സിഎച്ച്ടി) സാങ്കേതിക പങ്കാളിയായും പ്രവർത്തിക്കും. അപേക്ഷകൾ ഓഗസ്റ്റ് 15 വരെ സ്വീകരിക്കും.

# ഹാറ്റ്സൺ അഗ്രോയ്ക്ക് ആദ്യ പാദത്തിൽ 19.3% വരുമാന വളർച്ച

**കൊച്ചി:** സ്വകാര്യ മേഖലയിൽ ഇന്ത്യയിലെ ഏറ്റവും വലിയ ഡയറി കമ്പനിയായ ഹാറ്റ്സൺ അഗ്രോ പ്രോഡക്റ്റ്സ് ലിമിറ്റഡ്, 2026-27 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ മികച്ച സാമ്പത്തിക പ്രകടനം രേഖപ്പെടുത്തി. പ്രവർത്തന വരുമാനം 19.31 ശതമാനം വർധിച്ച് 3,090.49 കോടി രൂപയിലെത്തി. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഇത് 2,590.28 കോടി രൂപയായിരുന്നു. നികുതിക്കുശേഷമുള്ള ലാഭം 133.69 കോടി രൂപയും ഇബിഐടിഡിഎ 353.59 കോടി രൂപയുമായി.

കമ്പനിയുടെ ചരിത്രത്തിൽ ആദ്യമായാണ് ഒരു പാദത്തിൽ 3,000 കോടി രൂപയിലധികം വരുമാനം നേടുന്നതെന്ന് ചെയർമാൻ ആർ. ജി. ചന്ദ്രമോഗൻ പറഞ്ഞു. ആറു സംസ്ഥാനങ്ങളിലായി പ്രവർത്തിക്കുന്ന 22 ഉൽപ്പാദനശാലകളുടെയും 4,700ലധികം റീട്ടെയിൽ വിതരണ ശൃംഖലയുടെയും പിന്തുണയോടെ ഈ പാദത്തിൽ 153 കോടി ഉപഭോക്തൃ പായ്ക്കുകൾ കമ്പനി വിറ്റഴിച്ചു. അരുൺ ഐസ്ക്രീംസ്, ആരോഗ്യ, ഹാറ്റ്സൺ, മിൽക്കി മൂ, എച്ച്എപി ഡെയ്‌ലി, ഇബാക്കോ എന്നീ ബ്രാൻഡുകളുടെ ശക്തമായ പ്രകടനമാണ് വളർച്ചയ്ക്ക് കരുത്തായതെന്നും അദ്ദേഹം വ്യക്തമാക്കി.

# മലയാളി ഉൽപന്നങ്ങൾ യുഎസ്, യൂറോപ്യൻ വിപണിയിലേക്ക്, കേരളം ഫ്ളിപ്കാർട്ട് പദ്ധതി വരുന്നു

**കോട്ടയം:** സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എംഎസ്എംഇ) യുഎസ്, യൂറോപ്യൻ വിപണികളിൽ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ സാങ്കേതികസഹായം നൽകുന്ന പദ്ധതിയിൽ കേരളവും ഫ്ളിപ്കാർട്ടും പങ്കാളികളാകും. ഫ്ളിപ്കാർട്ടിന്റെ മാതൃകമ്പനിയായ വാൾമാർട്ട് തങ്ങളുടെ സിഎസ്ആർ പദ്ധതികളുടെ ഭാഗമായി കർണാടക അടക്കമുള്ള സംസ്ഥാനങ്ങളിൽ നടപ്പാക്കിയ വൃദ്ധി സ്കീമിന്റെ മാതൃകയിലാണ് പദ്ധതി വരുന്നത്.

ഇതു സംബന്ധിച്ച നിർദേശം സർക്കാരിന് ഫ്ളിപ്കാർട്ട് കൈമാറി. ചെലവ് പൂർണമായും കമ്പനി വഹിക്കും. യോഗ്യതയുള്ള സംരംഭങ്ങളെ കണ്ടെത്തുന്നതിനാണ് സർക്കാർ സഹായം നൽകുക. എംഎസ്എംഇ മേഖലയിലെ സംരംഭങ്ങളുടെ വിറ്റുവരവു വർധിപ്പിക്കാൻ ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ഇത്തവണത്തെ ബജറ്റിൽ പ്രഖ്യാപിച്ച വിവിധ മിഷനുകളുടെ ഭാഗമായാകും പ്രവർത്തനം.

ബിസിനസ് എങ്ങനെ ഡിജിറ്റൈസ് ചെയ്യാം, ഓൺലൈൻ വിപണി സാധ്യതകൾ, പാക്കിങ്, ബ്രാൻഡിങ്, ഫിനാൻഷ്യൽ മാനേജ്മെന്റ്, വിദേശ വിപണി നിയമങ്ങൾ തുടങ്ങിയ കാര്യങ്ങളിലാകും സൗജന്യ പരിശീലനം. റീജനുകൾ കേന്ദ്രീകരിച്ചു നടക്കുന്ന പരിശീലനത്തിനുശേഷം വിദേശ കയറ്റുമതിക്കു യോജിച്ച ഉൽപന്നങ്ങളെ തിരഞ്ഞെടുക്കും.

മാർക്കറ്റ് പ്ലേസിലൂടെ അതിനു പിന്തുണ നൽകും. ഉൽപന്നങ്ങൾ ഇകൊമേഴ്സ് പ്ലാറ്റ്ഫോമിൽ ലിസ്റ്റ് ചെയ്യുന്നതിലും ചിത്രങ്ങൾ സൃഷ്ടിക്കുന്നതിലും എഐ സാങ്കേതികവിദ്യയുടെ സഹായവും കിട്ടും. വിദേശ മാർക്കറ്റിന് യോജിച്ച തരത്തിലുള്ളവയോ അങ്ങനെ വികസിപ്പിക്കുകയോ ചെയ്യാവുന്ന ഉൽപന്നങ്ങൾ വാൾമാർട്ടിലൂടെ വിദേശ മാർക്കറ്റുകളിൽ വിറ്റഴിക്കാനുള്ള സഹായം നൽകും.

# തൊഴിലിടങ്ങളിൽ ഭിന്നശേഷിക്കാർ നേരിടുന്നത് വലിയ വെല്ലുവിളികൾ: ഗോദ്റെജ് ഡിഇഐ ലാബ് റിപ്പോർട്ട്

**കൊച്ചി:** ഭിന്നശേഷി അഭിമാന മാസത്തോടനുബന്ധിച്ച് ഗോദ്റെജ് ഇൻഡസ്ട്രീസ് ഗ്രൂപ്പിന്റെ ഗോദ്റെജ് ഡിഇഐ ലാബിന്റെ ഗവേഷണ റിപ്പോർട്ട് പുറത്തുവിട്ടു. 'ഇന്ത്യൻ കമ്പനികളിലെ ഭിന്നശേഷി സൗഹൃദ അന്തരീക്ഷം: എല്ലാവർക്കും അനുയോജ്യമായ തൊഴിലിടങ്ങളുടെ നിർമ്മിതി' എന്ന പേരിൽ ലാബ് ഗവേഷകയായ പുഷ്നാമി കസ്തൂരെയാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

വിവിധ കമ്പനികളിൽ ജോലി ചെയ്യുന്ന ഭിന്നശേഷിക്കാരായ ജീവനക്കാർ, എച്ച്ആർ ഉദ്യോഗസ്ഥർ, ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കാൻ സഹായിക്കുന്ന വിദഗ്ധർ, ആർക്കിടെക്റ്റുകൾ, തൊഴിലിടങ്ങളിൽ എല്ലാവർക്കും തുല്യാവസരവും ഉൾക്കൊള്ളലും ഉറപ്പാക്കുന്ന വിദഗ്ധർ എന്നിവരുടെ അനുഭവങ്ങളെ അടിസ്ഥാനമാക്കിയാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ഓഫീസുകളിൽ കെട്ടിടം, കസേരകൾ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കുന്നതിൽ കമ്പനികൾ ഒരുപാട് മുന്നോട്ട് പോയിട്ടുണ്ട്. എന്നാൽ, ഉപയോഗിക്കാൻ പാടുള്ള സോഫ്റ്റ്വെയറുകൾ, ഓഫീസിലെ തൊഴിൽ സംസ്കാരം എന്നിങ്ങനെയുള്ള പുറമേക്ക് കാണാൻ കഴിയാത്ത പ്രശ്നങ്ങളാണ് ജീവനക്കാർ നേരിടുന്ന യഥാർത്ഥ വെല്ലുവിളിയെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

ഇന്ത്യ ബ്രാൻഡ് ഇക്വിറ്റി ഫൗണ്ടേഷന്റെ (ഐബിഇഎഫ്) കണക്കുകൾ പ്രകാരം രാജ്യത്തെ ഏകദേശം മൂന്ന് കോടി ഭിന്നശേഷിക്കാരിൽ വെറും 11.3 ശതമാനം പേർക്ക് മാത്രമാണ് തൊഴിൽ ലഭിച്ചിട്ടുള്ളത്. തൊഴിൽ ചെയ്യാൻ കഴിയുന്ന ഭിന്നശേഷിക്കാരിൽ 70 ശതമാനത്തോളം പേരും ഇപ്പോഴും തൊഴിലില്ലാതെ തുടരുന്നതായും റിപ്പോർട്ടിൽ പറയുന്നു.

ഗോദ്റെജ് ഡിഇഐ ലാബ് മേധാവി പരമേഷ് ഷഹാനി റിപ്പോർട്ട് പ്രകാശനം ചെയ്തു. പൂർണ്ണ റിപ്പോർട്ട് www.godrejdeilab.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com